**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2964** **07.11.2019-ൽ മറുപടിക്ക്**

**<u>ദേശീയപാത വികസന പദ്ധതി</u>**

| **<u>ചോദ്യം</u>**<br><br>**ശ്രീ.കെ.ജെ. മാക്സി** | | **<u>മറുപടി</u>**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദേശീയപാത 66 ആറുവരിപ്പാതയാക്കുന്ന വികസന പദ്ധതി 2021 -ൽ പൂർത്തിയാക്കുന്നതിനായുള്ള സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന വ്യക്തമാക്കുമോ; | (എ) | ദേശീയപാത 66 വികസന പദ്ധതിയ്ക്കായിട്ടുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. തലശ്ശേരി - മാഹി ബൈപ്പാസ് നീലേശ്വരം ROB, കഴക്കൂട്ടം ഫ്ലൈഓവർ എന്നിവ പുരോഗതിയിലാണ്. കോഴിക്കോട് ബൈപ്പാസ് കരാർ നടപടി പൂർത്തിയായതാണ്. കാസർഗോഡു ജില്ലയിലെ രണ്ടു റീച്ചുകളും കോഴിക്കോട് ജില്ലയിലെ പാലോലി, മൂരാട് പാലങ്ങളും ടെണ്ടർ നടപടിയിലാണ്. ബാക്കി ഭാഗങ്ങൾ ഭൂമിയെടുക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) ഇതിനായി ദേശീയപാത അതോറിറ്റി-യുമായുള്ള ധാരണാ-പത്രം എന്നാണ് ഒപ്പിട്ടത് എന്നും ശേഷം നടന്ന തുടർപ്രവർ-ത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (ബി) | സ്ഥലമേറ്റെടുക്കുവാൻ ആവശ്യമായ തുകയുടെ 25% സംസ്ഥാന സർക്കാർ വഹിക്കാമെന്നുള്ള ധാരണാപത്രം ദേശീയ പാതാ അതോറിറ്റിയുമായി ഒപ്പിട്ടത് 03/10/2019 തീയതിയിലാണ്. അതിനുശേഷമാണ് കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള, ചെങ്ങള – നീലേശ്വരം റീച്ചുകളും കോഴിക്കോട് ജില്ലയിലെ പാലോളി, മൂരാട് പാലങ്ങളും ടെണ്ടർ നടപടി സ്വീകരിച്ചത്. ഭൂമിയെടുക്കൽ നടപടിയും പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ദേശീയപാത വികസന പദ്ധതി തുടങ്ങി പൂർത്തീകരിക്കുന്നതുവരെ നിലവിലുള്ള ദേശീയപാതയുടെ അറ്റകുറ്റപ്പണികളും യാത്രക്കാരുടെ പരാതികൾ പരിഹരിക്കുവാനുള്ള നിർമ്മാണ പ്രവർത്ത നങ്ങൾക്കുമായി ദേശീയപാത അതോറിറ്റിയുടെ സഹായം ആവശ്യപ്പെട്ടുവോ; | (സി) & (ഡി) | ദേശീയപാതകളുടെ പരിപാലനം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ സംസ്ഥാന ദേശീയപാതാ വിഭാഗമാണ് നടപ്പിലാക്കുന്നത്. എന്നാൽ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി റോഡുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുമ്പോൾ മാത്രമേ അതിന്റെ പരിപാലനം അവരുടെ ഉത്തരവാദിത്വത്തിൽപ്പെടുകയുള്ളൂ. ഇപ്പോൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ള സ്ട്രെച്ചിൽ കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അറ്റകുറ്റപ്പണികൾ അവർതന്നെ നടപ്പാക്കുന്നതാണ്. കൈമാറാത്ത സ്ട്രെച്ചുകൾ കേടുപാടുകൾ സംഭവിക്കുമ്പോൾ ദേശീയപാത വിഭാഗമാണ് അറ്റകുറ്റപ്പണികൾ നടപ്പാക്കുന്നത്. എന്നാൽ നാലുവരിപ്പാത വികസനത്തിന്റെ പേരിൽ NH 66 ൽ അറ്റകുറ്റപ്പണികൾക്കും പീരിയോഡിക്കൽ ഉപരിതലം പുതുക്കലിനും MORTH ഫണ്ട് നൽകിയിരുന്നില്ല. ബഹു. മുഖ്യമന്ത്രിയുടേയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും തുടർച്ചയായ ഇടപെടലുകളെ തുടർന്ന് കേടായ റീച്ചുകൾ നന്നാക്കാൻ പണം അനുവദിച്ചിട്ടുണ്ട്. MORTH ന്റെ വ്യവസ്ഥകൾ പ്രകാരം 5 കോടിക്കു മുകളിലുള്ള പ്രവൃത്തികൾ EPC മാതൃകയിൽ ചെയ്യണമെന്നതിനാൽ അതിന്റെ സാങ്കേതിക നടപടികൾക്ക് ഏകദേശം 6 മാസ കാലതാമസം കൂടി ഉണ്ടാകുന്നുണ്ട്. ഏതായാലും സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തുന്നുണ്ട്. |
| (ഡി) | എങ്കിൽ അവരുടെ ഇതിന്മേലുള്ള സമീപനം എന്ത് എന്നും ഇതിനായി കേന്ദ്രസഹായം ലഭ്യമാക്കാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ